ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിൻറെയും, അഭിമാനത്തിൻറെയും, വികസിത ഭാരതത്തിനായുള്ള നിശ്ചയദാർഢ്യത്തിൻറെയും പ്രതിഫലനമാണ് ഹർഘർ തിരംഗയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   Har Ghar Tiranga reflects nation's independence, pride and commitment to Viksit Bharat, says Vice President Jagdeep Dhankhar.

2. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യബന്ധനയാനങ്ങളിൽ ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര സർക്കാർ.

   Government will install one lakh transponders on marine fishing vessel to promote business and security to fishermen.

3. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ അഞ്ചംഗ വിദഗ്ധസംഘം പരിശോധന ആരംഭിച്ചു. കാണാതായവർക്കായി തിരച്ചിൽ പുരോഗമിക്കുന്നു.

   Five-member expert committee visited the landslide affected areas in Mundakkai- Chooralmala in Wayanad. Search Operations are in progress today.

4. പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിൽ തീയതിയും സമയവും രേഖപ്പെടുത്തണമെന്ന് ടി.വി ചാനലുകൾക്ക് നിർദ്ദേശം നൽകി വാർത്താ വിതരണ, പ്രക്ഷേപണ മന്ത്രാലയം

**Information and Broadcasting Ministry issues advisory to all private satellite TV channels asking them to show videos of disasters and calamities with time stamp.**

5. പശ്ചിമ ബംഗാളിൽ, വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ഡോക്ടർമാരുടെ പ്രതിഷേധ സമരം തുടരുന്നു.

**Doctors strike continue across various states to protest the rape and murder of a trainee doctor in in Kolkata's RG Kar Medical College**

6. പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ താരങ്ങൾക്ക് ന്യൂഡൽഹിയിൽ ഉജ്ജ്വല വരവേൽപ്പ്.

**Indian Hockey team receives warm welcome at Delhi Airport after winning Bronze at Paris Olympics.**

**&&&&&&&&&&&&&&&&&&**

## VICE PREZ BIKE RALLY

ഹർഘർ തിരംഗ ക്യാമ്പയിൻ ജനകീയ പ്രസ്ഥാനമായി മാറിയതായും, സ്വാതന്ത്ര്യത്തിൻറെയും, അഭിമാനത്തിൻറെയും, വികസിത ഭാരതത്തിനായുള്ള നിശ്ചയദാർഢ്യത്തിൻറെയും പ്രതിഫലനമാണ് ഇതെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. സ്വാതന്ത്ര്യദിനത്തിൽ വീടുകളിൽ ദേശീയ പതാക ഉയർത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ക്യാമ്പയിനെന്നും അദ്ദേഹം

വ്യക്തമാക്കി. രാജ്യത്തെ കോടിക്കണക്കിന് ജനങ്ങൾ ഹർ്ഘർ തിരംഗയിൽ പങ്കുചേരുന്നതായും ഉപരാഷ്ട്രപതി പറഞ്ഞു. ഹർ്ഘർ തിരംഗ ബൈക്ക് റാലി ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

ഭാരത് മണ്ഡപം മുതൽ മേജർ ധ്യാൻചന്ദ് ദേശീയ സ്റ്റേഡിയം വരെയാണ് ബൈക്ക് റാലി സംഘടിപ്പിച്ചത്.

കേന്ദ്രമന്ത്രിമാരായ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, റാം മോഹൻ നായിഡു കിഞ്ജരാപു, കിരൺ റിജിജു, മൻസുഖ് മാണ്ഡവ്യ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. രാജ്യത്തെ ജനതയെ ഒന്നായി ചേർത്തുനിർത്തുന്ന ത്രിവർണ പതാക, ഇന്ത്യയുടെ അഭിമാനമാണെന്ന് സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## AMIT SHAH – TIRANGAA YATRA

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ തിരംഗ യാത്ര ഫ്ലാഗ് ഓഫ് ചെയ്യും. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ യാത്രയിൽ പങ്കെടുക്കും. ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷനാണ് യാത്ര സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## GOVT - FISHERIES

മത്സ്യത്തൊഴിലാളികളുടെ

സുരക്ഷയ്ക്കായി മത്സ്യബന്ധനയാനങ്ങളിൽ ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിങ്. മത്സ്യത്തൊഴിലാളികൾ സമുദ്രാതിർത്തി ലംഘിച്ചാൽ മുന്നറിയിപ്പ് നൽകുന്നതിന് ട്രാൻസ്പോണ്ടറുകൾക്ക് സാധിക്കും. രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയിൽ ഫിഷറീസ് മേഖല സുപ്രധാന സംഭാവനകൾ നൽകുന്നതായും മന്ത്രി പറഞ്ഞു. 60,000 കോടി രൂപയുടെ മത്സ്യ ഉത്പന്നങ്ങളാണ് ഇന്ത്യ പ്രതിവർഷം കയറ്റുമതി ചെയ്യുന്നത്. രാജ്യത്തെ 3 കോടി ജനങ്ങൾ തൊഴിലെടുക്കുന്ന ഫിഷറീസ് മേഖലയുടെ ക്ഷേമത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ രാജീവ് രഞ്ജൻ സിങ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## WAYANAD EXPERTS

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ അഞ്ചംഗ വിദഗ്ധസംഘം പരിശോധന ആരംഭിച്ചു. ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞനായ ജോൺ മത്തായി ഉൾപ്പടെയുള്ളവർ സംഘത്തിലുണ്ട്. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെയും അനുബന്ധ മേഖലകളിലേയും അപകടസാധ്യതകൾ സംഘം പരിശോധിക്കും. ദുരന്ത സാഹചര്യവും ഉരുൾപൊട്ടലിൽ

എന്തെല്ലാം പ്രതിഭാസങ്ങളാണു സംഭവിച്ചതെന്നും വിലയിരുത്തിയ ശേഷം റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കും. പ്രദേശത്തെ അനുയോജ്യമായ ഭൂവിനിയോഗവും വിദഗ്ധസംഘം ശുപാർശ ചെയ്യും. അതേസമയം ഉരുൾപൊട്ടലിൽ കാണാതായവർക്കു വേണ്ടിയുള്ള തെരച്ചിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## GOVERNOR-SATHEESAN WAYANAD

വയനാട് ഉരുൾപൊട്ടൽ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളാണ് ആവശ്യമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. രാജ്യമൊന്നാകെ വയനാടിനൊപ്പമുണ്ടെന്നും ഗവർണർ പറഞ്ഞു. ഉരുൾപൊട്ടൽ ദുരന്തങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും ഉരുൾപൊട്ടലുണ്ടായ കോഴിക്കോട്ടെ വിലങ്ങാടിന് പ്രത്യേക പാക്കേജ് വേണമെന്നുമാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ മുഖ്യമന്ത്രിക്ക് കത്ത് നൽകി. വയനാട് പുനരധിവാസത്തെ കുറിച്ചും മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയെന്ന് പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## I AND B ADVISORY - CALAMITIES

പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ തിയതിയും സമയവും രേഖപ്പെടുത്തണമെന്ന് സ്വകാര്യ ടിവി ചാനലുകൾക്ക് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം നിർദ്ദേശം നൽകി. ദുരന്തമോ പ്രകൃതിക്ഷോഭമോ ഉണ്ടായ ദിവസം മുതലുള്ള ദൃശ്യങ്ങൾ ആവർത്തിച്ച് കാണിക്കുന്നത് അനാവശ്യമായ ആശയക്കുഴപ്പത്തിനും കാഴ്ചക്കാർക്കിടയിൽ പരിഭ്രാന്തി സൃഷ്ടിക്കാനും ഇടയാക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. ഇത്തരം ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

**AMOEBIC ENCEPHALITIC-INTRO**

അമീബിക് മസ്തിഷ്ക ജ്വരം തിരുവനന്തപുരത്ത് മൂന്ന് പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജാഗ്രതാ നിർദ്ദേശം നൽകി ആരോഗ്യ വകുപ്പ്. കുളം, തോട് തുടങ്ങിയ ജലാശയങ്ങിൽ കുളിച്ചവർക്ക് രോഗലക്ഷണങ്ങൾ കണ്ടാൽ, അത് പറഞ്ഞ് തന്നെ ചികിത്സ തേടണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ രോഗലക്ഷണങ്ങളാണ് ഇതിനുള്ളത്.

***വിശദാംശങ്ങളിലേക്ക്..........***

***(വോയിസ്)***

&&&&&&&&&&&&&&&&&&&

## AMOEBIC ENCEPHALITIC-VOICE

കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധപ്പെടുന്നവരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരം. ഇതൊരു പകർച്ചവ്യാധിയല്ല. എന്നാൽ 97 ശതമാനം മരണ നിരക്കുള്ള ഈ രോഗം ബാധിച്ചവരിൽ ലോകത്താകെ 11 പേരും, സംസ്ഥാനത്ത് രണ്ട് പേരുമാണ് രോഗമുക്തി കൈവരിച്ചത്. പായൽ പിടിച്ചു കിടക്കുന്നതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളങ്ങളിലെ വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത് എന്ന് ആരോഗ്യമന്ത്രി നിർദ്ദേശിച്ചു. വർഷങ്ങളായി വൃത്തിയാക്കാത്ത വാട്ടർ ടാങ്കിലെ വെള്ളം ഉപയോഗിക്കുന്നവരും ശ്രദ്ധിക്കണം. മൂക്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, തലയിൽ ക്ഷതമേറ്റവർ, തലയിൽ ശസ്ത്രക്രിയ്ക്ക് വിധേയമായവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ചെവിയിൽ പഴുപ്പുള്ളവർ കുളത്തിലും തോട്ടിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ല. വാട്ടർ തീം പാർക്കുകളിലെയും സ്വിമ്മിംഗ് പൂളുകളിലെയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. മൂക്കിലേക്ക് വെള്ളം ഒഴിക്കുകയോ മൂക്കിൽ വലിച്ചു കയറ്റുകയോ ചെയ്യരുത്. മൂക്കിൽ വെള്ളം കയറാതിരിക്കാൻ നേസൽ ക്ലിപ്പ് ഉപയോഗിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

**ന്യൂസ് ഡസ്ക്, ആകാശവാണി**

&&&&&&&&&&&&&&&&&&&

## ONAM FAIR

സപ്ലൈകോ ഓണച്ചന്തകൾ അടുത്തമാസം നാലിന് തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചനടത്താൻ മന്ത്രി ജി ആർ അനിലിൻറെ നേതൃത്വത്തിൽ നാളെ യോഗം ചേരും. ഓണക്കാലത്ത് വിലക്കയറ്റവും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനുള്ള യോഗം ഇന്നും ചേരുന്നുണ്ട്. കളക്ടർമാർ, ഭക്ഷ്യ സെക്രട്ടറി, സിവിൽ സപ്ലൈസ് കമ്മിഷണർ, സപ്ലൈക്കോ CMD, ലീഗൽ മെട്രോളജി അധികൃതർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## WB- DOCTORS PROTEST

¬പശ്ചിമ ബംഗാളിൽ, വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ഡോക്ടർമാരുടെ പ്രതിഷേധ സമരം തുടരുന്നു. കൊൽക്കത്തയിലെ ആർ.ജി കർ മെഡിക്കൽ കോളേജിലെ ഡോക്ടറെയാണ് കൊലപ്പെടുത്തിയത്. സമരത്തെ തുടർന്ന് സംസ്ഥാനത്തുടനീളം ആരോഗ്യ സേവനങ്ങൾ തടസപ്പെട്ടതായാണ് റിപ്പോർട്ട്. കുറ്റവാളികൾക്ക് കർശന ശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടാണ് സമരം. പശ്ചിമബംഗാളിലെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മഹാരാഷ്ട്രയിലെയും, ഝാർഖണ്ഡിലെ വിവിധ

ആശുപത്രികളിലെ ജൂനിയർ ഡോക്ടർമാരും ജോലിയിൽ നിന്ന് വിട്ട് നില്ക്കുകയാണ്. പലയിടങ്ങളിലും അത്യാഹിത വിഭാഗം ഒഴികെയുള്ള സേവനങ്ങളെ സമരം സാരമായി ബാധിച്ചിട്ടുണ്ട്. കേസിൽ ഒരാഴ്ചയ്ക്കുള്ളിൽ പുരോഗതിയുണ്ടാക്കാൻ സംസ്ഥാന പോലീസിന് കഴിയുന്നില്ലെങ്കിൽ അന്വേഷണം സിബിഐക്ക് കൈമാറുമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ഇന്നലെ അറിയിച്ചിരുന്നു. സംഭവത്തിൽ ദേശീയ വനിതാ കമ്മിഷൻ്റെ രണ്ടംഗ സംഘം ഇന്ന് ആശുപത്രി സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് സൂചന.

&&&&&&&&&&&&&&&&&&

## BROADCASTING SERVICES BILL

പ്രക്ഷേപണ സേവന നിയന്ത്രണ ബില്ലിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുന്നതിനുള്ള കാലാവധി ഒക്ടോബർ 15 വരെ നീട്ടി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. വിശകലനങ്ങൾക്ക് ശേഷം പുതിയ കരട് നിയമം പുറത്തിറക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. കഴിഞ്ഞ നവംബറിലാണ് പൊതുജന അഭിപ്രായം ആരാഞ്ഞ് കരട് ബിൽ പ്രസിദ്ധീകരിച്ചത്. നിരവധി സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ഇതിൽ അഭിപ്രായങ്ങൾ ലഭിച്ചതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## MP – SANITARY NAPKINS

വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വാങ്ങുന്നതിന് പ്രതിവർഷം 300 രൂപ അനുവദിച്ച് മധ്യപ്രദേശ് സർക്കാർ. 7 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥിനികൾക്കാണ് അക്കൗണ്ട് വഴി തുക കൈമാറുന്നത്. 19 ലക്ഷം കുട്ടികൾക്ക് 57 കോടി രൂപ ഇതിനായി അനുവദിച്ചു. കർണാടക, രാജസ്ഥാൻ, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങൾ വിദ്യാർത്ഥികൾക്കായി സൗജന്യ സാനിറ്ററി നാപ്കിൻ നൽകുന്നുണ്ടെങ്കിലും, ഇത്തരത്തിൽ തുക കൈമാറുന്നത് ഇതാദ്യമായാണ്.

&&&&&&&&&&&&&&&&&&&

## PARIS OLYMPICS

പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ താരങ്ങൾക്ക് ന്യൂഡൽഹിയിൽ ഉജ്ജ്വല വരവേൽപ്പ്. ഇന്ത്യൻ ഹോക്കി ടീം ഗോൾ കീപ്പറായ മലയാളി താരം P.R ശ്രീജേഷ് അടക്കമുള്ള താരങ്ങൾക്ക് വിമാനത്താവളത്തിനു പുറത്ത് ആവേശോജ്ജ്വല സ്വീകരണമാണ് നൽകിയത്. വെങ്കല മെഡൽ നേടിയ ഹോക്കി താരങ്ങളെ കാണാൻ നിരവധി ആരാധകരാണ് എത്തിച്ചേർന്നത്.

&&&&&&&&&&&&&&&&&&&

## US AMBASSADOR

അമേരിക്കയിലെ ഇന്ത്യൻ അംബാസിഡറായി മുൻ വിദേശകാര്യ സെക്രട്ടറി വിനയ് മോഹൻ ക്വാത്ര ചുമതയേറ്റു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള

ബന്ധം ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## BANGLADESH – FOREIGN ADVISER

രാജ്യംവിട്ട ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, ഇന്ത്യയിൽ തുടരുന്നത് ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തെ പ്രതികൂലമായി ബാധിക്കില്ലെന്ന് ബംഗ്ലാദേശ് വിദേശകാര്യ ഉപദേഷ്ടാവ് എംഡി തൗഹിദ് ഹുസൈൻ. ഉഭയകക്ഷിബന്ധം പരസ്പര താൽപര്യത്തിൽ അധിഷ്ഠിതമാണെന്നും ഇന്ത്യയുമായി നല്ല ബന്ധം നിലനിർത്താനുള്ള ബംഗ്ലാദേശ് സർക്കാരിന്റെ ശ്രമങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു. ധാക്കയിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ പ്രണയ് വർമ ഉൾപ്പെടെയുള്ള നയതന്ത്ര ഉദ്യോഗസ്ഥരുമായി സംവദിച്ച ശേഷം മാധ്യമപ്രവർത്തകർക്ക് മറുപടി നൽകുകയായിരുന്നു തൗഹീദ് ഹുസൈൻ.

&&&&&&&&&&&&&&&&&&

## TRUMP–MUSK INTERVIEW

¬ഭരണനേതൃത്വത്തിൽ മാറ്റം വന്നിരുന്നെങ്കിൽ ഇറാൻ–ഇസ്രയേൽ സംഘർഷവും, അഫ്ഗാനിസ്ഥാനിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും ഒഴിവാക്കാമായിരുന്നെന്ന് അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർഥി ഡോണൾഡ് ട്രംപ്.

സമൂഹ മാധ്യമമായ എക്സിൻറെ ഉടമ എലോൺ മസ്കുമായി നടത്തിയ അഭിമുഖത്തിലാണ് ട്രംപ് ഇക്കാര്യം പറഞ്ഞത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&